# മാർഗ്ഗദീപം

## അക്കാദമിക
## മാസ്റ്റർ പ്ലാൻ

## S.R.U.P. SCHOOL
## KUNISSERY

SEETHARAM U.P. SCHOOL
KUNISSERY

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എസ്.ആർ.യു.പി.സ്ക്കൂൾ |
| വിലാസം | : | കുനിശ്ശേരി പി.ഒ. |
| ഫോൺ | : | |
| സ്ക്കൂൾ കോഡ് | : | 21257 |
| വിദ്യാഭ്യാസ ഉപജില്ല | : | ആലത്തൂർ |
| വിദ്യാഭ്യാസ ജില്ല | : | പാലക്കാട് |
| റവന്യൂ ജില്ല | : | പാലക്കാട് |
| ബി.ആർ.സി. | : | ആലത്തൂർ |
| സി.ആർ.സി. | : | കണ്ണമ്പുള്ളി |
| ഗ്രാമപഞ്ചായത്ത് | : | എരിമയൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | ആലത്തൂർ |
| ജില്ലാപഞ്ചായത്ത് | : | പാലക്കാട് |
| നിയമസഭാ മണ്ഡലം | : | ആലത്തൂർ |
| ലോകസഭാമണ്ഡലം | : | ആലത്തൂർ |
| താലൂക്ക് | : | ആലത്തൂർ |
| വില്ലേജ് | : | എരിമയൂർ 2 |
| ഇ-മെയിൽ | : | srups1@gmail.com |

# ആമുഖം

എരിമയൂർ ഗ്രാമപഞ്ചായത്തിലെ കുനിശ്ശേരി എന്ന പ്രദേശത്താണ് വിദ്യാലയം. ചരിത്രപരവും ഐതിഹ്യപരവു മായ പെരുമയേറുന്ന നാടാണിത്. കുനിശ്ശേരിയുടെ ഓരംപറ്റി ഒഴുകുന്ന ഗായത്രിപുഴ സ്വച്ഛശീതളീയമാർന്ന് അന്തരീക്ഷത്തിൽ പ്രദേശത്തെ ഹരിതാഭമാക്കുന്നു. 1982ൽ ഒരു ലോവർ പ്രൈമറി സ്ക്കൂൾ ആയി തുടങ്ങിയ ഈ വിദ്യാലയം ഇപ്പോൾ യു.ജി. സ്ക്കൂൾ ആയി തുടരുന്നു. വിദ്യാലയത്തിൽ ഏകദേശം 350 ഓളം വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. 1817 ഇടവമാസം 19-ാം തിയ്യതി തിരുവിതാം കൂർ ഭരണാധികാരി ഗൗരി പാർവ്വതിഭായ് ദിവാൻ വെങ്കിട്ടരാമർക്ക് അയച്ച ഒരു നീട്ടോടുകൂടിയാണ് കേരള ത്തിൽ ആദ്യമായി വിദ്യാഭ്യാസം ഭരണകൂടത്തിന്റെ ഉത്തരവാദിത്വത്തമാകുന്നത്. CBSE, ICSE തുടങ്ങി സിലബസ്സുകൾ ഇപ്പോഴും യാതൊരു മാറ്റവുമില്ലാതെ തുടരുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം അടിസ്ഥാന സൗകര്യവികസന പരിപാടിയായി മാത്രം കാണാതെ അക്കാദമിക തലത്തിലേക്ക് വ്യാപിപ്പിക്കേണ്ടതുണ്ട്. ഓരോ പൊതു വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനാണ് ഈ **അക്കാദമിക് മാസ്റ്റർ പ്ലാൻ** തയ്യാറാക്കിയിട്ടുള്ളത്.

# പൊതുലക്ഷ്യങ്ങൾ

- ശിശുസൗഹൃദപരമായ പഠനാന്തരീക്ഷം ഉറപ്പാക്കും.
- പോഷകസമൃദ്ധമായി ശുചിത്വമുള്ള ആഹാരം എല്ലാ വിദ്യാർത്ഥികൾക്കും നൽകും.
- ജനാധിപത്യബോധം വളർത്തും.
- കാർഷിക ബോധം നല്കും.
- അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ ശ്രമിക്കും.
- വിദ്യാലയം ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ വിദ്യാലയത്തെ മാറ്റും.
- ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കും.
- വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക് തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും.
- പ്രീപ്രൈമറി വിദ്യാഭ്യാസം ഉറപ്പാക്കും.
- പിന്നോക്കം നില്ക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ള വിദ്യാഭ്യാസം.
- ഉയർന്ന നിലവാരക്കാരെ ഉൾപ്പെടുത്തിക്കൊണ്ട് ടാലന്റ് ലാബ് വികസിപ്പിക്കും.
- സർഗവാസന വളർത്തുന്നതിനുതകുന്ന കലാകായിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കിക്കൊണ്ടുള്ള വിദ്യാഭ്യാസം.
- ലഹരി വിരുദ്ധമനോഭാവം വളർത്തും.
- നിലവാരമുള്ള അദ്ധ്യാപക പരിശീലനം.
- ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ആകർഷക മാക്കും.
- ലാബ്, ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കും.
- ക്ലാസ് മുറികൾ ഹൈടെക്ക് ആക്കും.

- കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും.(ലഹരി വിരുദ്ധ ക്ലാസ്, റോഡ് സുരക്ഷ, സൈബർ സുരക്ഷ etc.)
- ദിനാചരണങ്ങൾ സമുചിതമായി ആചരിക്കും.
- നല്ലപാഠം പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കി കുട്ടികളിൽ സാമൂഹ്യബോധം വളർത്തിയെടുക്കും.
- പരിസ്ഥിതി സൗഹൃദവിദ്യാലയമാക്കും.
- ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ഊന്നൽ നൽകും.

# വിദ്യാലയ ചരിത്രം

1892–ൽ ഒരു ലോവർ പ്രൈമറി സ്ക്കൂളായി ശ്രീമാൻ അനന്തരാമയ്യരാൽ സ്ഥാപിതമായതാണ് ഈ വിദ്യാലയം. ഈ പ്രദേശത്തെ ജനങ്ങൾക്ക് വിദ്യാഭ്യാസത്തിൽ വെളിച്ചം പകർന്നു വന്നിരുന്ന വിദ്യാലയത്തിന്റെ നടത്തിപ്പ് 1926–ൽ ശ്രീ അനന്തരാമയ്യരുടെ പുത്രനായ ശ്രീ. കെ.എ. സീതാരാമയ്യർ ഏറ്റെടുത്തു. 1949–ൽ ഇവിടെ നിലനിന്നിരുന്ന ശ്രീകൃഷ്ണ വിലാസം ഹയർ എലിമെന്ററി സ്ക്കൂൾ ശ്രീ. കെ.എ. സീതാരാമയ്യർ വാങ്ങുകയും അങ്ങനെ ഒരു മാനേജരുടെ കീഴിൽ രണ്ടു വിദ്യാലയങ്ങൾ പ്രവർത്തിച്ചുവരികയും ചെയ്തു. 1954–ൽ ഈ വിദ്യാലയം സീതാറാം ഹൈസ്ക്കൂൾ ആയി ഉയർത്തപ്പെടുകയും ചെയ്തു. അങ്ങനെ ഈ വിദ്യാലയം സീതാറാം ഹൈസ്ക്കൂൾ എന്ന പേരിൽ അറിയപ്പെട്ടു. 1971–ൽ ചില പ്രത്യേക കാരണങ്ങളാൽ ഹൈസ്ക്കൂൾ വിഭാഗം നിർത്തൽ ചെയ്തതിനെ തുടർന്ന് ഈ വിദ്യാലയം സീതാറാം അപ്പർ പ്രൈമറിസ്ക്കൂളായി മാറി.

01–06–1926 മുതൽ വിദ്യാലയത്തിന്റെ ഭരണാധിപനായിരുന്ന **ശ്രീ. കെ.എ. സീതാരാമയ്യർക്ക് 1966–ൽ** അദ്ദേഹത്തിന്റെ പ്രശസ്ത സേവനത്തിനുള്ള അംഗീകാരം എന്ന നിലയിൽ **സ്റ്റേറ്റ് അവാർഡ് ലഭിച്ചിട്ടുണ്ട്.** 1970–ൽ തന്റെ 60–ാമത്തെ വയസ്സിൽ 44 വർഷത്തെ പ്രശസ്തസേവനം പുർത്തി യാക്കിയ അദ്ദേഹം അധ്യാപക വൃത്തിയിൽ നിന്ന് വിരമിച്ചു. 1973 സെപ്തംബർ 5–ന് അധ്യാപക ദിനത്തിൽ ഈനാടിന്റെ മുഖചരായ തന്നെ മാറുന്നതിൽ അത്യധികം

ലഭിച്ചു. ഈ വിദ്യാലയത്തിന്റെ ശില്പി കുനിശ്ശേരി
ജനതയെ ദു:ഖത്തിലാഴ്ത്തിക്കൊണ്ട് സ്വർഗ്ഗസ്ഥനായി.

1970 ജൂൺ മാസത്തിൽ ശ്രീമാൻ പി.വി ശിവശങ്കരൻ നായർ പ്രധാനാദ്ധ്യാപകനായി ചുമതലയേറ്റു. 1972-ൽ അദ്ദേഹം റിട്ടയർ ചെയ്തതിനെ തുടർന്ന് ശ്രീ. പി.വി ചന്ദ്രശേഖരൻ നായർ ഹെഡ്മാസ്റ്ററായി. 1973 ആഗസ്റ്റിൽ അദ്ദേഹം ഹെഡ്മാസ്റ്റർ സ്ഥാനം രാജിവെയ്ക്കുകയും ശ്രീ. എം.കെ നാരായണൻകുട്ടി ഹെഡ്മാസ്റ്ററായി ചാർജ്ജെടുക്കുകയും ചെയ്തു.

1976 മുതൽ 1989 വരെയുള്ള കാലയളവിൽ ശ്രീ. കെ.എസ് അനന്തരാമനായിരുന്നു പ്രധാനാദ്ധ്യാപകൻ. അദ്ദേഹത്തിനു ശേഷം 1989-ൽ ശ്രീ. കെ.ആർ സീതാരാമൻ പ്രധാനാദ്ധ്യാപകനായി സ്ഥാനമേറ്റു. 2017 മാർച്ച് 31 ന് അദ്ദേഹം വിരമിച്ചു. തുടർന്ന് ശ്രീ. എം ബാലകൃഷ്ണൻ ശ്രീമതി. എം സ്വർണ്ണകുമാരി എന്നിവർ പ്രധാനാദ്ധ്യാപകരായി ചാർജ്ജ് എടുക്കുകയും വിരമിക്കുകയും ചെയ്തു. 2022 പ്രധാനാദ്ധ്യാപികയായി ശ്രീമതി. എം.പി ലിസ്സി ചാർജ്ജ് എടുത്തു. തുടർന്ന് 2025-2026 അധ്യയനവർഷം ലിസ്സി ടീച്ചർ വിരമിച്ചുകൊണ്ട് ശ്രീമതി ഷൈനൂസ V.N ചാർജ്ജെടുത്തു.

# കാഴ്ചപ്പാട്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കുവാനുള്ള സർക്കാർ യജ്ഞത്തിൽ സംസ്ഥാനത്തെ ഏതൊരു വിദ്യാലയവു മെന്നതുപോലെ നമ്മുടെ വിദ്യാലയവും പ്രതിജ്ഞാബന്ധരായി പ്രവർത്തിച്ചു വരികയാണ്. കുഞ്ഞുങ്ങളുടെ അക്കാദമികവും അല്ലാത്തതുമായ എല്ലാ മികവുകളും പൊതു സമൂഹത്തെ ബോധ്യപ്പെടുത്തി സമൂഹത്തിന്റെ വിശ്വാസ്യത നേടിയെടുക്കുവാനുള്ള തീവ്രശ്രമത്തിലാണ് ഇന്നീ വിദ്യാലയം. പൊതു സമൂഹം നമ്മിൽനിന്നും ആവശ്യ പ്പെടുന്നതായ നിരവധി പ്രതീക്ഷകൾ അസ്ഥാനത്താക്കാതെ നൂതന പ്രവർത്തനങ്ങൾ നാം ഏറ്റെടുത്തുവരികയാണ്.

വിദ്യാഭ്യാസവകുപ്പ് ലക്ഷ്യം വയ്ക്കുന്ന പഠന നേട്ടങ്ങൾ കൈവരിക്കുന്നതിനാവശ്യമായ മികച്ച അധ്യാപനംക്, മെച്ചപ്പെട്ട ഭൗതിക സാഹചര്യം, ശുചിത്വവും പോഷസമ്പുഷ്ടവുമായ ഉച്ചഭക്ഷണം, അധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള ബന്ധം ശക്തമാക്കുന്നതിനായുള്ള PTA, MPTA, CPTA തുടങ്ങിയവയുടെ പ്രവർത്തനം ദൃഢമാക്കൽ, പഠനാന്തരീക്ഷം ശിശു സൗഹൃദമാക്കുവാനുള്ള സാഹചര്യം, പാഠ്യ പ്രവർത്തനങ്ങൾക്കൊപ്പം തന്നെ കലാകായിക പ്രവൃത്തി പരിചയ മേഖലകൾ ഉൾപ്പെടുന്ന പാഠ്യതര പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകൽ, Multi Level Personality പരിഗണിച്ചു കൊണ്ട് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് എല്ലാ കുഞ്ഞുങ്ങളേയും മികവിന്റെ പാതയിലെത്തിക്കൽ, ആരോഗ്യസംരക്ഷണത്തിന് Health Education, ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കൽ, ഊർജ്ജസംരക്ഷണ പ്രവർതതനങ്ങൾ ഏറ്റെടുക്കൽ മുതലായി സമൂഹത്തിന്റെ പ്രതീക്ഷകൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതിനുള്ള ശ്രമത്തിലാണ് ഞങ്ങൾ.

വിദ്യാലയത്തിൽ നടന്നുവരുന്ന ക്വിസ് മത്സരങ്ങൾ, ശാസ്ത്ര സെമിനാറുകൾ, കലാകായിക മേളകൾ മുതലായ വ്യത്യസ്ത പരിശീലന പരിപാടികളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട മികച്ച വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ഒരു School Team രൂപീകരിക്കുവാനും ശ്രമിച്ചുവരുന്നു.

നേരനുഭവങ്ങളിലൂടെ, പഠനം രസകരമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, സർഗാത്മകത വളർത്തുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കൽ, കല പ്രവൃത്തിപഠനം ഇവയുടെ സാധ്യത പ്രയോജനപ്പെടുത്തൽ, ചിന്താശേഷി യുക്തിചിന്ത വളർത്തൽ, ICT സാധ്യത പരമാവധി പ്രയോജനപ്പെടുത്തൽ, സ്കൂൾ പരിസരം പാഠപുസ്തകമാക്കി മാറ്റൽ, വായിക്കുവാനും എഴുതുവാനും എല്ലാ കുട്ടികളേയും പ്രാപ്തരാക്കൽ, സാമൂഹ്യബോധം വളർത്തൽ, ഗണിത പഠനം പ്രായോഗിക പ്രശ്നങ്ങളിലൂടെയും ശാസ്ത്രാവബോധം പരീക്ഷണ നിരീക്ഷണ ങ്ങളിലൂടെയും സാധ്യമാക്കൽ – അങ്ങനെയെല്ലാം മികവിന്റെ പാതയിലൂടെ കുഞ്ഞുങ്ങളെ നയിച്ച്, മികച്ച പൗരന്മാരാക്കി കുടുംബത്തിനും സമൂഹത്തിനും ഉത്തമ മാതൃകകളായി ജീവിക്കുവാൻ കുഞ്ഞുങ്ങളെ പ്രാപ്തരാക്കുക എന്നതാണ് അധ്യാപകരെന്ന നിലയിൽ ഞങ്ങളുടെ കർത്തവ്യം. അത് ഞങ്ങൾ നിറവേറ്റുകതന്നെ ചെയ്യും.

അമിതമായ മൊബൈൽ ഉപയോഗം കുട്ടികളിൽ പലവിധ മാനസിക പിരിമുറുക്കത്തിനും അച്ചടക്കമില്ലായ്മയ്ക്കും കാരണമായി. ഇതിന്റെ പരിഹാരമെന്നോണം അധ്യാപകന്റെ ഇടപെടലുകളും കൗൺസലിംഗ് ക്ലാസ്സുകളും ഒരു പരിധി-വരെ ഇതിനെ മറികടക്കാൻ സഹായിച്ചു.

# പദ്ധതി രൂപീകരണ പ്രക്രിയ

# വിവിധഘട്ടങ്ങൾ

1. SRG യോഗത്തിൽ SRUP School - **Vision 2030** എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

2. വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം.

3. കരട് രൂപരേഖ SRG, SMC, PTA, MPTA രാഷ്ട്രീയ സംഘടനകൾ, പ്രതിനിധികൾ, ജനപ്രതിനിധികൾ, തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.

4. ശില്പശാലയിൽ ഉയരന്നുവന്ന നിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ.

5. PTA നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

## നിലവിലെ അവസ്ഥാവിശകലനം

130 വർഷത്തോളം പഴക്കമുള്ള ഞങ്ങളുടെ വിദ്യാലയത്തിൽ ഒന്ന് മുതൽ ഏഴ് വരെ ക്ലാസുകളിലായി കുട്ടികൾ പഠിക്കുന്നു. എല്ലാ ദിവസവും Morning Assembly യും അതിൽ English , Hindi ഭാഷകളിൽ ആഴ്ചയിൽ ഓരോ ദിവസം Assembly യും നടത്തിവരുന്നു. കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിക്കുന്നതിന് Assembly Quiz , മലയാളം അക്ഷരങ്ങളും , ചിഹ്നങ്ങളും ഉറപ്പിക്കുന്നതിനായി അക്ഷര ചിഹ്ന കാർഡുകളുടെ വായന, പത്രവായന, ഗുണനപട്ടിക ചൊല്ലൽ എന്നിവ എല്ലാ ദിവസവും Assembly യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മലയാള തിളക്കം, Hello English, ഗണിത വിജയം എന്നീ പ്രവർത്തനങ്ങൾ ഭാഷാപഠനം മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. English conversation മെച്ചപ്പെടുത്തൽ ലൈബ്രറി വിതരണം കാര്യക്ഷമമായി നടത്തിവരുന്നു. സയൻസ് പഠനം പരീക്ഷണങ്ങൾ ഉൾപ്പെടുത്തി രസകരമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

School sports, കലോത്സവം എന്നിവ,
നടത്തി, സമ്മാനാർഹരായ കുട്ടികൾക്ക്
അവ നൽകുകയും ചെയ്തു. സബ്ജില്ലാ
സ്പോർട്സ്, കലോത്സവം, ഗണിതമേള
എന്നിവയിൽ ധാരാളം കുട്ടികളെ പങ്കെടുപ്പി
ക്കുകയും സർട്ടിഫിക്കറ്റുകൾ നേടുകയും
ചെയ്തിട്ടുണ്ട്. വിജ്ഞാനോത്സവം പഞ്ചായ
ത്ത് തലം, മേഖലാ തലം എന്നിവയിൽ കുട്ടി
കൾ പങ്കെടുത്ത് ജില്ലാതലത്തിലേക്ക് സെല
ക്ഷൻ ലഭിച്ചിട്ടുണ്ട്. കുട്ടികളേയും, രക്ഷിതാക്ക
ളെയും പങ്കെടുപ്പിച്ച് ലഹരി വിരുദ്ധ ബോധ-
വത്കരണം, സൈബർ സുരക്ഷ, എന്നീ ബോ-
ധവത്കരണക്ലാസുകൾ സംഘടിപ്പിച്ചു. എല്ലാ
കുട്ടികളേയും പങ്കെടുപ്പിച്ച് ഉച്ചഭക്ഷണം,
പാൽ, മുട്ട എന്നിവ നൽകുന്നുണ്ട്. രക്ഷിതാ
ക്കളുടെ സഹകരണത്തോടെ class P.T.A
യോഗങ്ങൾ ദിനാചരണ പ്രവർത്തനങ്ങൾ
തുടങ്ങിയവ സജീവമായി നടത്താൻ കഴി-
ഞ്ഞു. കുട്ടികളിലെ അമിത മൊബൈൽ
ഉപയോഗം തടയുന്നതിനായി രക്ഷിതാക്കളുടെ
സഹകരണത്തോടെ Mobile challange എന്ന
പദ്ധതിക്ക് തുടക്കം കുറിച്ചു. അധിക സമയം
ഉപയോഗപ്പെടുത്തിയും അവധി ദിനങ്ങൾ

U.S.S പരിശീലനം നൽകിയും ഇത്തവണ 9 കുട്ടികൾക്ക് U.S.S വിജയം നേടാൻ കഴിഞ്ഞു. പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും പ്രത്യേക പരിശീലനം നൽകുകയും ചെയ്തുവരുന്നു. വിദ്യാലയത്തിന്റെ ഉന്നമനത്തിനായി ശക്തമായ P.T.A പ്രവർത്തിക്കുന്നു.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

വിദ്യാലയ മികവിനായി ഏറ്റെടുക്കാവുന്ന അക്കാദമികവും ഭൗതികവും സാമൂഹികവുമായ സ്വപ്ന പദ്ധതികൾ പേരുകൾ മാത്രം എഴുതി പട്ടികപ്പെടുത്തൽ.

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാ ശേഷി വികസനം<br>ഗണിത ശേഷി വികസനം<br>ഇംഗ്ലീഷ് പഠന പരിപോഷണം<br>ശാസ്ത്ര പോഷണ പരിപാടി<br>ലൈബ്രറി ശാക്തീകരണം<br>• പ്രതിഭാ പോഷണ പരിപാടി<br>• സാഹിത്യ പോഷണ പരിപാടികൾ<br>• പഠന യാത്രകൾ<br>• സെമിനാറുകൾ<br>• കലാ കായികമേള<br>• ഐ.ടി പരിശീലനം<br>• അധ്യാപക ശാക്തീകരണ പരിപാടി<br>• ക്ലാസ്സ് പി.ടി.എ | • സ്മാർട്ട് മുറി<br>• കമ്പ്യൂട്ടർ റൂം<br>• മൾട്ടി മീഡിയ റൂം<br>• ലൈബ്രറി<br>• അടുക്കള<br>• കുടിവെള്ള വിതരണം.<br>• മാലിന്യ സംസ്കരണം<br>• ലബോറട്ടറി<br>• ജന്മദിനത്തിനൊരു പുസ്തകം.<br>• ചിത്രരചന<br>• ഭാഷോത്സവം<br>• ഗണിതോത്സവം<br>• സിക്ക് റൂം<br>• ഔഷധ തോട്ടം<br>• ജൈവ പച്ചക്കറി തോട്ടം<br>• ശലഭോദ്യാനം | • പി.ടി.എ ശക്തിപ്പെടുത്തൽ.<br>• വിദ്യാലയ വികസന സമിതി.<br>• പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം.<br>• ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.<br>• ക്ലാസ്സ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ |

ശക്തമാക്കൽ.
സ്കൂൾ പത്രം/മാസിക
പ്രവൃത്തി പരിചയ
പഠനം.
എസ്. ആർ. ജി
ശാക്തീകരണം.
ശാസ്ത്രാഭിരുചി
വളർത്തൽ.
പച്ചക്കറിത്തോട്ടം
രചനാശിൽപശാല
അഭിമുഖങ്ങൾ
മെഡിക്കൽ ക്യാമ്പ്
പോഷകാഹാര പരി-
പാടി.
ടേം മൂല്യനിർണ്ണയം,
നിരന്തര വിലയിരു-
ത്തൽ.
ദിനാചരണം
L.SS, U.SS പരിശീലന
ക്ലാസ്സ്
യോഗ
ഫീൽഡ് ട്രിപ്പ്
ഭിന്നശേഷി സൗഹൃദ
അന്തരീക്ഷം
കായിക പഠനം
offline class നോടൊപ്പം
online സാധ്യത പ്രയോ-
ജനപ്പെടുത്തൽ.

- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ.
- പഠനക്കൂട്ടം
- പ്രാദേശിക പി.ടി.എ
- മികവുത്സവം
- കൗൺസലിംഗ് ക്ലാസ്സ്

# പദ്ധതി വിശദാംശങ്ങൾ

പട്ടികപ്പെടുത്തിയ സ്വപ്ന പദ്ധതികളുടെ വിശദാംശങ്ങൾ വായിച്ച് മനസ്സിലാക്കാവുന്ന വിധത്തിൽ പ്രത്യേക ഫോർമാറ്റിൽ എഴുതി തയ്യാറാക്കലാണ് ലക്ഷ്യമിടുന്നത്.

## പ്രവർത്തനം:

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി എല്ലാ കുട്ടികളിലും വികസിപ്പിച്ചെടുക്കുക | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടിയും ഇംഗ്ലീഷിൽ അവതരിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | |

## പ്രവർത്തനം:

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷിൽ എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | |

## പ്രവർത്തനം:

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തീയേറ്റർ (Optional)

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷു ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി Skit, Drama തുടങ്ങിയവ അവതരിപ്പിക്കൽ | പ്രതിമാസ പരിപാടി | എച്ച്.എം/ ഇംഗ്ലീഷ് അദ്ധ്യാപകൻ | Rs.2,000/- P.T.A |

## പ്രവർത്തനം:

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ(Optional)

ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മകരചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറക്കൽ<br>Example:<br>June: Monsoon<br>July : Population | പ്രതിമാസ പരിപാടി | എച്ച്.എം/ ഇംഗ്ലീഷ് അദ്ധ്യാപിക | Rs.2,000/- |

## പ്രവർത്തനം:

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷിൽ കത്തെഴുത്ത് (Optional)

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ അക്കാദമിക പ്രവർത്തതനങ്ങളും വിശേഷങ്ങളും ഉൾപ്പെടുത്തി സുഹൃത്തുക്കൾക്കു കത്തിടപാടിലൂടെ പങ്കുവെക്കൽ | മാസത്തിൽ ഒന്നു വീതം | ക്ലാസ്സ് ടീച്ചർ | |

## പ്രവർത്തനം:

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷിൽ ഗെയിം (Optional)

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ കൈകാര്യം ചെയ്യുവാനുള്ള കഴിവ് | ഗ്രാമർ ഗെയിം, വേർഡ് ഗെയിം തുടങ്ങിയവ നടത്തുക. ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. ഉത്തരം കണ്ടെത്താൻ അവസരം നൽകുന്നു. | മാസത്തിൽ ഒന്നു വീതം | ക്ലാസ്സ് ടീച്ചർ | |

## പ്രവർത്തനം:

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് കോർണർ (Optional)

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷു പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. ഇംഗ്ലീഷ് പ്രദർശന ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

## പ്രവർത്തനം:

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് സ്പെൽ ബി

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് വാക്കുകൾ തെറ്റില്ലാതെ എഴുതാനുള്ള ശേഷി നേടൽ | വെജിറ്റബിൾസ്, അനിമൽസ്, ഫ്ളവേഴ്സ് തുടങ്ങിയവയും പാഠത്തിലെ വാക്കുകളും ഉൾപ്പെടുത്തി വാക്കുകളുടെ സ്പെല്ലിങ്ങുകൾ മത്സരാത്മകമായി ലഭിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

## പ്രവർത്തനം:

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡിക്ഷണറി രൂപീകരണം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭഅക്ഷരമാലകളെ അക്ഷരമാല ക്രമമനുസരിച്ച് പരിചയപ്പെടൽ | പാഠഭാഗത്തിൽ പഠിച്ചിട്ടുള്ള വാക്കുകളെ ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിൽ ക്രമീകരിക്കൽ | 3-മാസം | ഇംഗ്ലീഷ് ടീച്ചർ | |

## പ്രവർത്തനം:

പ്രവർത്തനത്തിന്റെ പേര് : വാക്ക് വിത്ത് ഇംഗ്ലീഷ്

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കാനുള്ള ശേഷി നേടൽ | സ്വയം പരിചയപ്പെടത്തൽ, വ്യക്തികളുമായുള്ള അഭിമുഖം, കഥപറയൽ, പ്രകൃതി നിരീക്ഷണവും വിവരണവും, ഇംഗ്ലീഷിൽ കത്തു രൂപപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ | പ്രതിവാര പരിപാടി | ഇംഗ്ലീഷ് ടീച്ചർ | |

## പ്രവർത്തനം:

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ക്വിസ്സ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ ചോദ്യങ്ങൾ സൃഷ്ടിക്കാനും സംസാരിക്കാനു മുള്ള ശേഷി | ഇംഗ്ലീഷ് പഠനത്തെ അടിസ്ഥാനമാക്കി ചോദ്യവലി തയ്യാറാക്കി ചോദിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

# മലയാളം

പേര് : രചനാ ശിൽപശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരി ക്കൽ, വായനാ സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/കവിയരങ്ങ് /രചനാ ശിൽപശാല എന്നിവ സംഘടിപ്പിക്കൽ രൂപപ്പെടുന്ന ഉത്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ | രണ്ട് മാസത്തി ൽ ഒരു പ്രവശ്യം | വിദ്യാരം ഗം കലാസ ാഹിത്യ വേദി | Rs.3,000/- സ്പോൺസർ ഷിപ്പ് |

പേര് : സർഗ്ഗസല്ലാപം

ഉപമേഖല : ഭാഷവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തക്കൽ അവരുടെ വായന, എഴുത്ത് എന്നിവ അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെക്കൽ | വർഷത്തിൽ രണ്ടുപ്രാവശ്യം | എച്ച്.എം & പി.ടി.എ | Rs.1,000/ P.T.A |

പേര് : ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല : ഭാഷ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടൽ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം/ പി.ടി.എ & ലൈബ്രേറിയൻ | Rs.2,000/ P.T.A |

# ഹിന്ദി

പേര് : എല്ലാ മേഖലയിലുള്ള പ്രാവീണ്യം

മേഖല : അക്കാദമികം/ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള പ്രവീണ്യം | വായനകാർഡുകൾ തയ്യാറാക്കൽ ഹിന്ദി അസംബ്ലി, ഹിന്ദി ക്ലബ്. | ഒരു വർഷം | ഹിന്ദി അധ്യാപിക | Rs.1,000/ P.T.A |

പേര് : ഭാഷാ പഠനം

മേഖല/ഉപമേഖല : അക്കാദമികം/ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി ഭാഷ പഠനം ലളിതമാക്കൽ | ഭാഷ പഠനം ലളിതമാക്കൽ (അസംബ്ലി, വാർത്ത, പ്രാർത്ഥന, പ്രതിജ്ഞ ചിന്താവിഷയം) ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുക | ആഴ്ചയിൽ ഒരിക്കൽ | ഹിന്ദി ക്ലബ്/അധ്യാപകൻ | Rs.1,000/ P.T.A |

# സയൻസ്

പേര് : പ്രതിഭാ ശാലികളെ ഉണർത്തതൽ

മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദഗ്ധ ക്ലാസ്സുകളും പരിശീലനവും നൽകൽ | കാസ്ത്രത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രവർത്തി ദിവസങ്ങളിലെ വൈകുന്നേരവും, ഒഴുവു ദിവസങ്ങളിലും ക്ലാസ്സുകൾ സംഘടിപ്പിക്കൽ | പ്രവർത്തി ദിവസങ്ങളിലെ അവസാന പിരീഡ്, അവധി ദിവസങ്ങൾ | എസ്. ആർ.ജി എസ്.എസ്.ജി | |

## പ്രവർത്തനം

പേര് : ഫീൽഡ് ട്രിപ്പ്

മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര സാമൂഹിക കേന്ദ്രം സന്ദർശനം, മെഡിക്കൽ പ്രദർശനങ്ങൾ നിരീക്ഷിക്കുക. | ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് പി.ടി.എ | Rs.1,000/ P.T.A |

## പ്രവർത്തനം

പേര് : മേളകൾ

മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം ഒരു പ്രവർത്തനമാണെന്ന് മനസ്സിലാക്കാൻ | ശാസ്ത്ര മേളകളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ | ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | Rs.2,000/- സ്പോൺസർഷിപ്പ് |

## പ്രവർത്തനം

പേര് : ശാസ്ത്ര ലാബ് നവീകരിക്കൽ

മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ നവീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസ വസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ തരം തിരിച്ചു് വെയ്ക്കൽ, കാറ്റലോഗ് തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

# സോഷ്യൽ സയിൻസ്

## പ്രവർത്തനം:

പേര് : ബുള്ളറ്റിൻ ബോർഡ്

മേഖല/ഉപമേഖല : അക്കാദമികം/സാമൂഹിക ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര അറിവുകളെ പുതിയ അറിവുകളുമായി ബന്ധിപ്പിക്കൽ. | എല്ലാ വിദ്യാർത്ഥികൾക്കും വായിക്കാൻ പറ്റാവുന്ന ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസവും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ. | എല്ലാ പ്രവർത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ് | 1000/- P.T.A. |

## പ്രവർത്തനം:

പേര് : പഠനയാത്രകൾ

മേഖല/ഉപമേഖല : അക്കാദമികം/സാമൂഹിക ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന്. | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ. | രണ്ടു തവണ | എസ്. ആർ. ജി. | |

## പ്രവർത്തനം:

പേര് : സംവാദം

മേഖല/ഉപമേഖല : അക്കാദമികം/സാമൂഹിക ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു വിഷയത്തെ തന്നെ ആഴത്തിൽ ഗ്രഹിക്കാനുള്ള കഴിവ്. | സമകാലിക പ്രസക്തിയുള്ള സംവാദം, സെമിനാർ, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിവ സംഘടിപ്പിക്കൽ. | രണ്ടു മാസത്തിൽ ഒരിക്കൽ | എസ്. ആർ. ജി. | |

## പ്രവർത്തനം:

പേര് : മോക്ക് പാർലമെന്റ്

മേഖല/ഉപമേഖല : അക്കാദമികം/സാമൂഹിക ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ. | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വെച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഇതിന്റെ നേതൃത്വത്തിൽ ഇടവേളയിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ. | 3 എണ്ണം. 1 സ്കൂൾ ആരംഭത്തിൽ. 2 ഓണക്കാല സമ്മേളനം. 3 വേനൽക്കാല സമ്മേളനം. | എസ്. ആർ. ജി.സ്കൂൾ പാർലമെന്റ് | – |

## പ്രവർത്തനം:

പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ.
മേഖല/ഉപമേഖല : അക്കാദമികം/സാമൂഹിക ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര ത്തിന്റെ എല്ലാ മേഖലയിൽ നിന്നും വിശാല അായ അറിവു നേടൽ. | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾ ക്കും വായിക്കാൻ സൗകര്യപ്രദമായ രീതിയിൽ, അറ്റലസ്, ഇയർബുക്ക്, പുസ്തകങ്ങൾ എന്നിവ ക്രമീകരിച്ച് വയക്കൽ. | എല്ലായ് പ്പോഴും. | സാമൂഹിക ശാസ്ത്ര ക്ലബ്ബ്. | – |

# ഗണിതം

മേഖല/ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്ക അവസ്ഥ പരിഹരിക്കൽ. | അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു. ചോദ്യാവലി Pre test റിപ്പോർട്ട് S.R.G അവതരണം സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ Work sheet നൽകുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | H.M. S.R.G. കൺവീനർ ക്ലാസ് ടീച്ചർ | |
| ഗണിത ക്ലബ് രൂപീകരണം. | ക്വിസ് മത്സരം, കുസൃതി കണക്ക് ഗണിത കിറ്റ് വിദഗ്ധരുടെ ക്ലാസ്സ്. | മാസത്തിൽ ഒരു പ്രാവശ്യം. | H.M. S.R.G കൺവീനർ Class Teacher | Rs. 500/- |
| | ഗണിത മാഗസിൻ ഗണിതാശയങ്ങൾ | വർഷത്തിൽ ഒരു പ്രാവശ്യം | | Rs. 500/- |
| ഗണിതം മധുരതരമാക്കൽ | ഗണിതപാർക്ക് | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ . | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് Rs. 1,000/- PTA |

| | | | | |
|---|---|---|---|---|
| | പാറ്റേണുകൾ<br>**<u>Short list.</u>**<br><br>കുട്ടികൾക്ക് വേണ്ടി പേന, പെൻസിൽ, റബ്ബർ, പ്രദർശിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം. | H.M.<br>Class Teacher | |
| ഗണിത ലാബ് ഭൗതികം | <u>ഉത്തരപ്പെട്ടി.</u><br>ഗണിത പ്രശ്നങ്ങൾ സ്ക്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കൽ.<br>ഉത്തരം – ഉത്തരപെട്ടിയിൽ ഇടുന്നു. | ദിവസവും വർഷം മുഴുവൻ | PTA<br>M.P.T.A.<br>Manager<br>Govt. | Rs.50,000 |
| ഗണിത താത്പര്യം | <u>മനക്കണക്ക്</u><br>സ്ക്കൂൾ – അസംബ്ലി<br>മെട്രിക് ഉപകരണങ്ങൾ<br>ടാൻഗ്രാം നിർമ്മിക്കൽ<br>ജാമീതിയരുപം<br>ചുമർ ഗണിത ചിത്രം<br>working holder. | വർഷത്തിൽ ഒരു പ്രാവശ്യം | HM, SRG<br>PTA | Rs.10,000 |
| ഗണിത നാട്ടറിവ്. | ഗണിത മേളകൾ സംഘടിപ്പിക്കുക<br>പഠനയാത്രയുടെ ഗണിത പാറ്റേൺ രുപങ്ങൾ.<br><br>നാഴി, ഇടങ്ങഴി<br>പുരാതന വസ്തുക്കൾ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | |

പേര് : ദിനാചരണങ്ങൾ
ഉപമേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേ പ്രവർത്തനങ്ങൾ എസ്. ആർ. ജി. യിൽ രൂപപ്പെട്ടതിന്ന് നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | HM, SRG PTA. | Rs.2,000 P.T.A. |

## പ്രവർത്തനം:

പേര് : കായിക പരിശീലനം
മേഖല/ഉപമേഖല : അക്കാദമികം/കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും, വൈകുന്നേരവും കായിക പരിശീലനം. കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ. | ആഴ്ചയിൽ മൂന്ന് ദിവസം. | P.T.A. കായിക അധ്യാപകൻ | Rs.10,000 സ്പോൺസർഷിപ്പ്. |

## പ്രവർത്തനം:

പേര് : കായിക താരങ്ങൾക്ക് സമ്മാനങ്ങൾ.
മേഖല/ഉപമേഖല : അക്കാദമികം/കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമ്മാനങ്ങൾ നൽകി കായിക താരങ്ങളെ വാർത്തെടുക്കൽ. | എല്ലാ തലത്തിലും വിജയിച്ചവർക്ക് സമ്മാനങ്ങൾ നൽകി ആദരിക്കൽ. | ഓരോ തലത്തിലേയും മത്സരങ്ങൾക്കുശേഷം. | H.M. കായിക അധ്യാപകൻ. | Rs.5,000/ സ്പോൺസർഷിപ്പ്. |

## പ്രവർത്തനം:

പേര് : പച്ചക്കറിത്തോട്ടം
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷിയോടുള്ള താല്പര്യം വളർത്തൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം. | SRG, SSG | Rs.5,000/-കൃഷി വകുപ്പ്. |

## പ്രവർത്തനം:

പേര് : വർക്ക്ഷീറ്റ് നിർമ്മിക്കൽ
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപദേശിക്കൽ. | വായിച്ചു കഴിഞ്ഞ ബാലസാഹിത്യ വാരികകളിലേയും മാസികകളിലേയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. ഇതിന് അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ, വിവരണം എന്നിവ എഴുതി ച്ചേർത്ത് വർക്ക് ഷീറ്റ് തയ്യാറാക്കൽ. | മാസ ത്തിൽ രണ്ടു പ്രാവശ്യം | SRG | Rs.3,000/ |

## പ്രവർത്തനം:

പേര് : ചരിത്രകലണ്ടർ
മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്ര ബോധം വളർത്തി യെടുക്കൽ | 12 വലിയ ചാർട്ടുപേപ്പറുകളില ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തിയ്യതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ട ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തിയ്യതിക്കു താഴെ ഒട്ടിക്കുക. | പ്രതിജ്ഞ | SRG | Rs.1,000/ |

## പ്രവർത്തനം

പേര് : സർഗാത്മക ഡയറി

ലക്ഷ്യം : കുട്ടികളുടെ ഭാഷാശേഷി വളർത്തുന്നതിന്.

പ്രവർത്തനങ്ങൾ : കുട്ടികളുടെ ദൈനംദിനജീവിതത്തിലെ വ്യത്യസ്തമായ അനുഭവങ്ങൾ സർഗാത്മകമായി ആവിഷ്കരിക്കുന്നു.

കാലം : ഒരു വർഷം

ചുമതല : IVth std ക്ലാസ്ടീച്ചർ.

## പ്രവർത്തനം

പേര് : സംയുക്ത ഡയറി.

ലക്ഷ്യം : കുട്ടികളുടെ ഭാഷാശേഷി വളർത്തുന്നതിന്.

പ്രവർത്തനങ്ങൾ : ദൈനംദിനജീവിതത്തിലെ നിരന്തര അനുഭവങ്ങൾ ലളിതമായ ഭാഷയിൽ ആവിഷ്കരിക്കുന്നു.

കാലം : ഒരു വർഷം

ചുമതല : 1 & 2 ക്ലാസ് ടീച്ചർ

## പ്രവർത്തനം

പേര് : കൈപ്പുസ്തക നിർമ്മാണം.

ലക്ഷ്യം : സാമൂഹ്യശാസ്ത്രാവബോധം കുട്ടികളിൽ വളർത്തൽ

പ്രവർത്തനം : 100 സാമൂഹ്യശാസ്ത്രകൈപ്പുസ്തക നിർമ്മാണം.

കാലം : ഒരു വർഷം

ചുമതല : സാമൂഹ്യശാസ്ത്ര ക്ലബ്ബ്

## പ്രവർത്തനം

പേര് : പാട്ടരങ്ങ്

ലക്ഷ്യം : താളം മനസിലാക്കി കവിതാഭാഗങ്ങൾ ഭാവാത്മകമായി അവതരിപ്പിക്കൽ.

പ്രവർത്തനം : കവിതകൾക്ക് ഈണം നൽകുന്നു, ഭാവാത്മകമായി അവതരിപ്പിക്കുന്നു.

കാലം : വർഷത്തിൽ 2 തവണ

ചുമതല : ഭാഷാ ക്ലബ്ബ്.

## പ്രവർത്തനം

പേര് : റീഡേഴ്സ് തിയേറ്റർ

ലക്ഷ്യം : കുട്ടികളുടെ വായന പരിപോഷിപ്പിക്കുക.

പ്രവർത്തനം : ബാലസാഹിത്യ കൃതികളുടെ വായന, ദൃശ്യ അവതരണം.

കാലം : മാസത്തിൽ ഒരു തവണ.

ചുമതല : 3rd std ക്ലാസ്ടീച്ചർ.

## പ്രവർത്തനം

പേര് : നാട്ടുവിശേഷം കൂട്ടരങ്ങ്

ലക്ഷ്യം : പരിസരപഠനത്തിലൂടെ ഭാഷാപഠനസാധ്യതകൾ ഒരുക്കുന്നു.

പ്രവർത്തനം : പ്രകൃതിനടത്തം, ഫീൽഡ്ട്രിപ്പ്.

കാലം : വർഷത്തിലൊരിക്കൽ

ചുമതല : 3rd std ക്ലാസ്ടീച്ചർ

## പ്രവർത്തനം

പേര് : ക്ലാസ് പത്രം

ലക്ഷ്യം : കുട്ടികളുടെ രചനാശേഷി പരിപോഷിപ്പിക്കൽ

പ്രവർത്തനം : വിദ്യാലയത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ വാർത്താരൂപത്തിൽ തലക്കെട്ടോടെ എഴുതൽ.

കാലം : വർഷത്തിൽ രണ്ടു തവണ.

ചുമതല : ഒന്നാം ക്ലാസ് അധ്യാപിക.

## പ്രവർത്തനം

പേര് : രചനോത്സവം

ലക്ഷ്യം : കുട്ടികളുടെ സർഗാത്മക രചന പ്രോത്സാഹിപ്പിക്കുന്നതിന്.

പ്രവർത്തനം : കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കുന്നു

കാലം : വർഷത്തിൽ ഒരു തവണ

ചുമതല : ഭാഷാക്ലബ്ബ്.

## പ്രവർത്തനം

പേര് : ക്ലാസ് ലൈബ്രറി

ലക്ഷ്യം : കുട്ടികളുടെ സ്വതന്ത്രവായന

പ്രവർത്തനം : കുട്ടികൾക്ക് വായനാസാഹചര്യം ഒരുക്കുന്നു. വായനാക്കുറിപ്പുകൾ തയ്യാറാക്കുന്നു.

കാലം : വർഷത്തിൽ ഒരു തവണ.

ചുമതല : ഭാഷാക്ലബ്ബ്.

## പ്രവർത്തനം

പേര് : കുട്ടിവായന കൂട്ടിവായന

ലക്ഷ്യം : കുട്ടികളുടെ വായന പരിപോഷിപ്പിക്കുന്നതിന്.

പ്രവർത്തനം : അക്ഷരങ്ങൾ അറിയാത്ത കുട്ടികൾക്ക് പ്രത്യേകം ക്ലാസുകൾ നൽകിക്കൊണ്ട് പഠനം സാധ്യമാക്കുന്നു.

കാലം : ഒരു വർഷം

ചുമതല : ക്ലാസ് അധ്യാപകർ, ഭാഷാ ക്ലബ്ബ്

## പ്രവർത്തനം

പേര് : ഡിജിറ്റൽ ഗണിതം.

ലക്ഷ്യം : ഗണിതപഠനത്തിലെ ICT സാധ്യത പ്രയോജനപ്പെടുത്തൽ.

പ്രവർത്തനം : ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം തുടങ്ങിയവ പോലുള്ള പ്രവർത്തനങ്ങൾ

ചുമതല : ഗണിത ക്ലബ്ബ്

## പ്രവർത്തനം

പേര് : ഗണിതശിൽപ്പശാല

ലക്ഷ്യം : അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു.

പ്രവർത്തനം : കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

കാലം : വർഷത്തിൽ ഒരു തവണ

ചുമതല : ഗണിത ക്ലബ്ബ്

## പ്രവർത്തനം

പേര് : ഗണിതപാർക്ക്.

ലക്ഷ്യം : ഗണിതം മധുരമാക്കാൻ

പ്രവർത്തനം : ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക്.

ചുമതല : മാനേജർ, PTA

## പ്രവർത്തനം

പേര് : യുറീക്ക

ലക്ഷ്യം : കുട്ടി ശാസ്ത്രജ്ഞരെ വളർത്തിയെടുക്കുക.

പ്രവർത്തനം : വീട്ടിൽ ഒരു പരീക്ഷണശാല ഒരുക്കുന്നു, ശാസ്ത്രമേളയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.

കാലം : 2024 - 25

ചുമതല : SRG കൺവീനർ, ശാസ്ത്രാധ്യാപിക.

## പ്രവർത്തനം

പേര് : പ്രാദേശിക ചരിത്ര രചന.

ലക്ഷ്യം : സാമൂഹികാവബോധം വളർത്തിയെടുക്കുക

പ്രവർത്തനം : പ്രാദേശിക ചരിത്രങ്ങൾ അന്വേഷിക്കുക, രചനകൾ നടത്തുക.

കാലാവധി : 2024-25

ചുമതല : സാമൂഹ്യശാസ്ത്രാധ്യാപിക.

## പ്രവർത്തനം

പേര് : വാക്ക് വിത്ത് ഇംഗ്ലീഷ്

ലക്ഷ്യം : ഇംഗ്ലീഷ് ഭാഷയിലൂടെ ആശയവിനിമയശേഷി വളർത്തൽ.

പ്രവർത്തനം : വിവിധ പ്രവർത്തനങ്ങളിലൂടെ (Skit, Conversation, Interview, Learn with rhythms) ഇംഗ്ലീഷ് ഭാഷയിലെ പ്രാവീണ്യം വർധിപ്പിക്കുന്നു.

കാലാവധി : 2024-25

ചുമതല : ഇംഗ്ലീഷ് അധ്യാപിക.

## പ്രവർത്തനം

പേര് : കരുതലിന്റെ കരങ്ങൾ

ലക്ഷ്യം : കുട്ടികളിൽ സാമൂഹിക നന്മ വളർത്തൽ

പ്രവർത്തനം : സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ആളുകളെ കണ്ടെത്തി സഹായം നൽകുന്നു.

കാലാവധി : 2024-25

ചുമതല : PTA, പൂർവ്വ വിദ്യാർത്ഥികൂട്ടായ്മ, കുട്ടികൾ.

## പ്രവർത്തനം

പേര് : കാർഷികം

ലക്ഷ്യം : കാർഷിക മേഖലയിലെ സ്വയം പര്യാപ്തത

പ്രവർത്തനം : പച്ചക്കറിത്തൈകൾ വച്ചുപിടിപ്പിക്കുവാനും പരിപാലിക്കുവാനും ക്ലാസ് അടിസ്ഥാനത്തിൽ പരിശീലിപ്പിക്കുന്നു.

കാലാവധി : ഒരു വർഷം

ചുമതല : ക്ലാസ് അധ്യാപകർ, കുട്ടികൾ, നല്ലപാഠംക്ലബ്ബ്

## പ്രവർത്തനം

പേര് : ദിനാചരണങ്ങളിലൂടെ

ലക്ഷ്യം : ദിനങ്ങളുടെ പ്രാധാന്യം മനസിലാക്കുന്നതിന്

പ്രവർത്തനം : ദിനങ്ങളുടെ പ്രത്യേകതകൾ മനസിലാക്കി അവ ആചരിക്കുന്നതിനും, പ്രാധാന്യം ഉൾക്കൊള്ളുവാനും പ്രവർത്തിക്കുന്നു.

കാലാവധി : 2024-25

ചുമതല : വിദ്യാർത്ഥികൾ, PTA, അധ്യാപകർ

പ്രവർത്തനം : ഭൗതികം
പേര് : ചുറ്റുമതിൽ
മേഖല/ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതമായി സ്കൂൾ കമ്പസിനെ സംരക്ഷിക്കൽ. | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക. മുൻ വശത്തെ ചുറ്റു മതിൽ ആകർഷക മാക്കുക. | ഒരു വർഷം | PTA LSGD | Rs.50,000/ ജില്ലാ പഞ്ചായത്ത്. |

പ്രവർത്തനം :
പേര് : കവാടം, പടിപ്പുര
മേഖല/ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ആകർഷക മാക്കൽ. സുരക്ഷിതത്വം. | ആകർഷണീയ മായവിധത്തിൽ സ്കൂളിന്റെ കവാടം, പടിപ്പുര എന്നിവ സജ്ജമാക്കൽ. | ഒരു വർഷം | PTA LSGD | Rs.20,000/- |

പ്രവർത്തനം :
പേര് : പുതിയ മന്ദിരം
മേഖല/ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യ മൊരുക്കി അക്കാദമിക് പ്രവർത്തനം കാര്യക്ഷമ മാക്കൽ | അഡ്മിനിസ്ട്രേറ്റീവ് കം അസംബ്ലി ഹാൾ എന്ന പുതിയ മന്ദിരം മഴക്കാലത്തും സുഖപ്രദമായ അന്തരീക്ഷത്തിൽ അസംബ്ലി ചേരുവാൻ സാധിക്കണം. | രണ്ടു വർഷം | PTA LSGD മാനേജർ | Rs.50,00,000/ (Fifty Lakhs) |

**പ്രവർത്തനം** :

പേര് : കിഡ്സ് പാർക്ക്

മേഖല/ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | പ്രധാനമന്ദിരത്തിന് മുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ. മുറ്റം ഉയരം കൂട്ടി ട്രെസ്സ് വർക്ക് ചെയ്യൽ. | രണ്ടു വർഷം | PTA LSGD | Rs.5,00,000/ (Five Lakhs) |

**പ്രവർത്തനം** :

പേര് : ശൗചാലയ സമുച്ചയം

മേഖല/ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠം ഒന്ന് ശുചിത്വം. | സൗകര്യപ്രദമായ സ്ഥലത്ത് ഇരുനിലകളിലായി ശൗചാലയ സമുച്ചയം നിർമ്മിക്കൽ. | രണ്ടു വർഷം | PTA LSGD | Rs.50,00,000/ (Fifty Lakhs) എം.എൽ.എ. ഫ്. |

**പ്രവർത്തനം** :

പേര് : പ്രീപ്രൈമറി & ലാബ് സമുച്ചയം

മേഖല/ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രീ പ്രൈമറി വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ. ലാബുകൾ ശാസ്ത്രീയ മാക്കൽ. | ആകർഷകമായ വിധത്തിൽ പ്രീ പ്രൈമറി & ലാബ് മന്ദിര സമുച്ചയം നിർമ്മിക്കൽ. മുകളിൽ ആഡിറ്റോറിയം. | 2 വർഷം | PTA LSGD | Rs.10,00,000/ (Ten Lakhs) നബാർഡ് |

പ്രവർത്തനം :

പേര് : ഓഫീസ് ഡിജിറ്റലൈസേഷൻ

മേഖല/ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ ആവശ്യത്തിനും പൊതു ജനങ്ങൾക്കും ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൽ.. | വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്റർ മാർക്ക് രജിസ്റ്റർ റ്റി.സി.രജിസ്റ്റർ രൂപത്തിലേക്ക് മാറ്റി സുരക്ഷിക്കലും ആവശ്യമായ വിവരം വേഗത്തിൽ ലഭ്യമാക്കലും. | 2 വർഷം | എച്ച്. എം. ക്ലാർക്ക് എസ്. ആർ.ജി. കൺവീനർ. | Rs.5,00,000/ (Five Lakhs) |

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ. | • പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ വിദ്യാലയ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ഫണ്ട് സമാഹരണം. | വർഷത്തിൽ ഒരു പ്രാവശ്യം | SSG | Rs.5,000/ |
| | • പൂർവ്വാധ്യാപക സംഗമം. പൂർവ്വാധ്യപകരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കൽ | രണ്ടു വർഷത്തിൽ ഒരിക്കൽ | സ്ഥാപക കൗൺസിൽ | Rs.1,000/ |
| അധ്യാപക രക്ഷാകർതൃ ബന്ധം ശക്തമാക്കൽ | • പ്രാദേശിക PTA യോഗങ്ങൾ വിദ്യാലയ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് PTA യോഗങ്ങൾ ചേരൽ. | വർഷത്തിൽ ഒരു പ്രാവശ്യം. | SSG SRG | Rs.10,000/ PTA |

| | | | | |
|---|---|---|---|---|
| | • PTA മദേർസ് ഫോറം, അധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാപരിപാടികൾ കുട്ടികൾക്ക് വേണ്ടി അവതരിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം. | PTA, MPTA, SRG | Rs.4,000/ PTA |
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്ത മാക്കൽ. | • പുസ്തക സമാഹരണം. അധ്യാപകരും കുട്ടികളും ചെറു സംഘങ്ങളായി വായനയുടെ പ്രാധാന്യം മനസ്സിലാക്കുന്ന പ്ലാക്കാർഡുകളുമായി സമീപത്തെ വീടുകൾ സന്ദ ർശിച്ച് ഗ്രന്ഥ ശാലയിലേക്ക് ആവശ്യമുള്ള പുസ്തകങ്ങൾ ശേഖരിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം. | SRG | |

## പ്രതീക്ഷിത നേട്ടങ്ങൾ

- വിദ്യാലയം ശിശുസൗഹൃദമായിത്തീരും.
- രക്ഷിതാക്കൾ ആഗ്രഹിക്കുന്ന തരത്തിൽ കുട്ടികൾ എല്ലാതരത്തിലും നിലവാരം കൈവരിക്കും.
- ജനാധിപത്യ, മതനിരപേക്ഷ മനോഭാവം കുട്ടികളിൽ വളർത്തി യെടുക്കാൻ സാധിക്കും.
- കാർഷിക സംസ്ക്കാരം വളർത്താൻ കഴിയും
- "സ്ക്കുൾ സമൂഹത്തിൽ" എന്ന ആശയം സാക്ഷാത്ക്കരിക്കപ്പെടും.
- വിദ്യാലയത്തിൽ പ്രവേശന നിരക്ക് വർദ്ധിക്കും.
- ഒരു മാതൃകാ വിദ്യാലയമായി മാറും.
- അന്തരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ സാധിക്കും.
- മാറുന്ന സാഹചര്യങ്ങളോട് പൊരുത്തപ്പെടുവാനും അതിജീവനത്തിനുള്ള കഴിവ്.

## മോണിറ്ററിംഗ് രീതി

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് സ്കൂൾ തലം മുതൽ ശക്തമാകുന്നു.
- സോഷ്യൽ മോണിറ്ററിംഗ് രീതി (PTA, MPTA, SSG, SRG) ഉൾപ്പെടുത്തി നടപ്പിലാക്കണം.
- ദൈനംദിന മോണിറ്ററിംഗ് HM, SRG, PTA പ്രസിഡന്റ് എന്നിവ രുടെ നേതൃത്വത്തിൽ നടക്കണം.

## ഉപസംഹാരം

വിദ്യാർത്ഥികളുടെ സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ വികസനം മുന്നിൽ കണ്ടുകൊണ്ട് തയ്യാറാക്കിയ ഒരു കർമപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നത്. **നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ** പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

# വിവിധ കമ്മിറ്റികൾ

- PTA : Parent Teachers Association
- MPTA : Mother Parent Teachers Association
- SSG : School Supporting Group
- SRG : School Resource Group
- SDC : School Development Committee

: ICC

:

LISSY N.P
PEN No: 549284
HEAD MISTRESS
SRUP SCHOOL, KUNISSERY

SEETHARAM U.P. SCHOOL
KUNISSERY

## ...ഗുണമേ വിദ്യാഭ്യാസ പദ്ധതി

...അക്കാദമിക നിലവാരം ഉയർത്തുക
...ന ലക്ഷ്യത്തോടെ പഠന പിന്നോക്കം
...ൽക്കുന്ന കുട്ടികളെ വിവിധ മൂല്യനിർണ്ണയ ഉപാധികളോടെ കണ്ടെത്തി.

കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി
...ദ്യാലയത്തിൽ ക്യാമ്പയിൻ സംഘടിപ്പിച്ചു.

...ുണമേന്മ വിദ്യാഭ്യാസം ഉറപ്പിക്കുന്നതി
...ായുള്ള Module കൾ തയ്യാറാക്കി.

കുട്ടികൾക്ക് Module ന്റെ അടിസ്ഥാനത്തിൽ
...വധിക്കാല പരിശീലനം നൽകി.

...തുടർപ്രവർത്തനത്തിന്റെ ഭാഗമായി
...rk sheet കൾ നൽകി.

നേടിയ അറിവുകൾ വിലയിരുത്തുകയും
...ിന്നാക്കക്കാരെ കണ്ടെത്തി അവർക്കുള്ള
...രിശീലനം തുടരുകയും ചെയ്തു.